ശാസ്ത്രീയ കൃഷി അറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി ആർ.എ.റ്റി.റ്റി.സി., എഫ്.റ്റി.സി. എന്നീ ടെയിനിംഗ് സെന്ററുകളിലെ വിവിധ തരം പരിശീലനങ്ങൾ (ഓൺലൈൻ ആയിട്ടുള്ളതും, നേരിട്ടുള്ളതും), മാസം തോറുമുള്ള ആത്മ (Monthly Technology Advisory) യോഗങ്ങൾ, ഫാം സ്കൂളുകൾ, കൃഷി പാഠശാലകൾ എന്നിവ നടത്തിവരുന്നു.

സർവ്വകലാശാല നിയമങ്ങളുടെ പരിഷ്കാരം

29 (*419) ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാല നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വിഷയം പരിശോധിക്കുവാൻ വിദഗ്ധർ ഉൾപ്പെടുന്ന ഒരു സമിതിയെ അധികാരപ്പെടുത്തുമോ?

(എ&ബി) ഉണ്ട്; സർവ്വകലാശാല നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്നുണ്ട്.

(സി) സർവ്വകലാശാലകൾക്ക് കീഴിലെ സ്വാശ്രയ മേഖലയിലെ കോളേജുകൾ ഗുണനിലവാരം പുലർത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(സി&ഡി) ഉണ്ട്. സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള സർവ്വകലാശാലകളിലെ കോളേജുകളിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. കരിക്കുലം പരിഷ്കരണം
2. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകളും (GA)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. ക്രോസ്-ഡിസ്പ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020)

4. സാക്ക് (SAAC-State Assessment & Accreditation Centre)

5. ഫാക്കൽറ്റി ഡെവലപ്മെന്റ് സെൻറർ (FDC)

6. കൈരളി ഗവേഷണ പുരസ്കാരങ്ങൾ

7. ചാൻസലേഴ്സ് അവാർഡ്

8. എറുഡൈറ്റ് പദ്ധതി

9. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ

10. കാൾ നെറ്റ്-സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജു കളിലെയും ലൈബ്രറികളെ കൂട്ടിയിണക്കി കേരള അക്കാഡമിക് ലൈബ്രറി നെറ്റ്വർക്ക് രൂപീകരിച്ചു.

11. സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E-Journal Consortium)

12. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം.

കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം

30 (*420) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവയുടെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?